## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2317

08.12.2015-ൽ മറുപടിക്ക്

## സുവർണ്ണ കേരളം പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.ഗീതാ ഗോപി : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) സുവർണ്ണ കേരളം പദ്ധതി എന്താണെന്ന് വിശദമാക്കുമോ; | (എ) നൂതനവും ആരോഗ്യകരവുമായ കൃഷി രീതികൾ ഉപയോഗപ്പെടുത്തി സഹകരണ സംഘങ്ങളിലൂടെ കേരളത്തിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, സുരക്ഷിതമായ ഭക്ഷണം എന്ന ആവശ്യം ജനകീയ പങ്കാളിത്തത്തോടു കൂടി കേരളത്തിലെ സഹകരണമേഖല മുഖേന നടപ്പാക്കുക എന്നിവയാണ് സുവർണ്ണ കേരളം പദ്ധതി കൊണ്ട് പ്രധാനമായും നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. വിഷമയമില്ലാത്ത പച്ചക്കറി കൃഷി ചെയ്യുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ ബോധവത്ക്കരണം നടത്തുന്നു. ഓരോ താലൂക്കിലുമുള്ള സർവ്വീസ് സഹകരണ ബാങ്കുകൾ ആണ് ഇതിന്റെ മേൽനോട്ടം വഹിച്ചുവരുന്നത്. ഇതിലേക്കാവശ്യമായ |

| | | | |
|---|---|---|---|
| | | | തൈകൾ, വിത്തുകൾ എന്നിവ സൗജന്യമായോ, മിതമായ വിലയ്ക്കോ അംഗങ്ങൾക്ക് വിതരണം ചെയ്യുന്നു. കൃഷി ചെയ്യുന്നതിനു വേണ്ടി കാർഷിക വായ്പയും നൽകിവരുന്നു. |
| (ബി) | ഏതെല്ലാം മേഖലകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ? | (ബി) | വീട്ടുകളിൽ അടുക്കളത്തോട്ടനിർമ്മാണം, മട്ടുപ്പാവ് കൃഷി, പോളിഹൗസ് കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക ഇവയെല്ലാം ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു. വീടുവീടാന്തരം സർവ്വെ നടത്തി പച്ചക്കറി കൃഷിയ്ക്കുള്ള സാധ്യത പരിശോധിച്ച് കൃഷി ചെയ്യുന്നതിനു വേണ്ടി കാർഷിക വായ്പ നൽകുന്നു. സഹകരണ സംഘങ്ങൾ വഴിയാണ് ടി പദ്ധതി നടപ്പാക്കി വരുന്നത്. സംഘം പരിധിയിൽ ആരംഭിക്കുന്ന പച്ചക്കറി കൃഷിക്ക് കൃഷിഭവൻ മുഖേനയോ, സേവന സന്നദ്ധതയുള്ള സർവ്വീസിൽ നിന്നും വിരമിച്ച കൃഷി ആഫീസർമാർ/കൃഷി ഡമോൺസ്റ്റേറ്റർ മാർ എന്നിവരുടെ സേവനം ലഭ്യമാക്കുന്നു. ഓരോ സീസണിലും യോജിച്ച പച്ചക്കറി വിത്തുകൾ പോളിഫാമുകളിൽ വികസിപ്പിച്ച് അംഗങ്ങൾക്ക് വിതരണം ചെയ്യുന്നു. കൃഷി രീതികളെ കുറിച്ച് അറിവ് നൽകുന്നതിന് വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുന്നു. ഈ മേഖലയിൽ പരിചയ സമ്പന്നരും സേവന സന്നദ്ധതയുള്ളവരുടേയും സർവ്വീസിൽ നിന്നും വിരമിച്ചവരടക്കമുള്ളവരുടേയും |

സന്നദ്ധഗ്രൂപ്പ് രൂപീകരിക്കുകയും പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായം ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഓരോ വീട്ടിലും ഉത്പ്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വീട്ടാവശ്യം കഴിഞ്ഞ് സ്വന്തം നിലയിൽ വില്പന നടത്തുന്നതിനും സാഹചര്യമുണ്ടാക്കുന്നു. സഹകരണ സംഘം ആഫീസുകളുടെ മട്ടുപ്പാവ്, ആഫീസ് പരിസരം എന്നിവിടങ്ങളിലും സംഘം നേരിട്ട് തരിശുഭൂമി പാട്ടത്തിനെടുത്തും കൃഷി നടത്താവുന്നതാണ്. ബ്ലോക്ക് തലത്തിൽ ഫാർമേഴ്സ് സർവ്വീസ് സെന്ററിന്റെ സേവനവും ലഭ്യമാക്കുന്നു.

**സെക്ഷൻ ഓഫീസർ**